പ്രചരണങ്ങൾ നൽകാനും കയർ ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജിയോ ടെക്സ്റ്റയിൽസിനു മാത്രമായി ഒരു വെബ്സൈറ്റ് തുടങ്ങാനും പദ്ധതിയുണ്ട്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് കയർ ജിയോടെക്സ്റ്റയിൽസ് അതിർത്തി റോഡുകളിൽ ഉപയോഗിക്കുന്നതിന് നിവേദനം നടത്തുകയും അതിർത്തി റോഡുകളിൽ കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(എഫ്) ജിയോ ടെക്സ്റ്റയിൽസ് ഉല്പാദനത്തിന് തെരഞ്ഞെടുക്കപ്പെട്ട 50 കയർ സഹകരണ സംഘങ്ങളെ ചുതമലപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനാവശ്യമായ കയർയാൺ കയർഫെഡിൽ നിന്നും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഉപയോഗം പ്രതീക്ഷിക്കുന്ന രീതിയിൽ വർദ്ധിപ്പിക്കാൻ സാധിച്ചാൽ സ്വകാര്യ ചെറുകിട കയർ ഉല്പാദകരിൽ നിന്നും കയർയാൺ സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ജി) ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 50 കയർ ജിയോ ടെക്സ്റ്റയിൽസ് ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. ഇവിടെ ഉല്പാദിപ്പിക്കുന്ന കയർ ജിയോടെക്സറ്റയിൽസ് വിവിധ ഉപയോഗങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന 100 പൈലറ്റ് പ്രോജക്ടുകൾക്കാണ് ഉപയോഗിക്കുക. ഇതിലൂടെ കയർ ജിയോടെസ്റ്റയിൽസ് എന്ന ഉല്പന്നത്തിന് വ്യക്തമായ സ്പെസിഫിക്കേഷന് രൂപം നൽകുന്നതാണ്. കൂടാതെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഒരു അംഗീകൃത എഞ്ചിനീയറിംഗ് മെറ്റീരിയൽ എന്ന നിലയിൽ കയർ ജിയോടെക്സ്റ്റയിൽസിനെ പി. ഡബ്ല്യു.ഡി. മാനുവലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജിയോടെസ്റ്റയിൽസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പരീക്ഷണ പദ്ധതികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടും, കയർ ജി.യോടെക്സ്റ്റയിൽസുമായി ബന്ധപ്പെട്ട് ദേശീയ അന്തർദേശീയ തലത്തിൽ ഉണ്ടായിട്ടുള്ള ഗവേഷണങ്ങളുടെ ഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു ആധികാരിക ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതുമാണ്. ഈ പ്രവർത്തനങ്ങളുടെ കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം കാര്യക്ഷമമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ നവീകരണ പ്രവർത്തനങ്ങൾ

127 (254) ശ്രീ. രാജു എബ്രഹാം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ നവീകരണ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഫാക്ടറികളുടെ നവീകരണ നടപടികളുടെ ഫലമായി എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) ഫാക്ടറികളുടെ നവീകരണത്തോടെ കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനം ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിച്ചുവോ ; എങ്കിൽ കഴിഞ്ഞ 2 വർഷം എത്ര തൊഴിൽ ദിനങ്ങൾ നൽകാനായി എന്ന് വ്യക്തമാക്കുമോ ;

(ഇ) കാഷ്യൂ കോർപ്പറേഷന്റെ കശുവണ്ടി ഗവേഷണ കേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കോർപ്പറേഷനിലെ നവീകരണ പ്രവർത്തനങ്ങൾ കോർപ്പറേഷൻ തന്നെ നോക്കി നടത്തുകയാണ്. കോർപ്പറേഷന്റെ ഹെഡാഫീസിലും 34 കശുവണ്ടി ഫാക്ടറികളിലും കമ്പ്യൂട്ടർ സ്ഥാപിക്കുകയും ഫാക്ടറികളിൽ കമ്പ്യൂട്ടറൈസ്ഡ് വെയിംഗ് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു. തന്മൂലം ഫാക്ടറികളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു.

2. തോട്ടണ്ടി പ്രോസ്സസിംഗിൽ നിലനിന്നുവന്ന കരിച്ചുവറുത്ത് തല്ലി എടുക്കുന്നതിന് പകരം കട്ട് ചെയ്യുന്നതിനുള്ള കട്ടിംഗ് സംവിധാന മെഷിനും, ആധുനിക രീതിയിലുള്ള ഇലക്ട്രിക് ബോർമ്മ ഹോട്ട് എയർ ബോർമ്മ എന്നിവയും സ്ഥാപിച്ചു.

3. ടിൻ ഫില്ലിംഗിന് പകരം ആധുനിക രീതിയിലുള്ള എം.പി.വി സംവിധാനം ഏർപ്പെടുത്തി.

4. ജലദൗർലഭ്യം പരിഹരിക്കുന്നതിന് ബോർവെൽ, ട്യൂബ് വെൽ എന്നിവ സ്ഥാപിച്ചു.

5. 34 ഫാക്ടറികളിലെ പ്രധാന ഷെഡുകൾ ഓല മാറ്റി പുതിയ രീതിയിലുള്ള ഷീറ്റ് റൂഫോടുകൂടിയ പെർമനന്റ് രീതിയിൽ പുതുക്കി നിർമ്മിച്ചു വരുന്നു.

6. ഫാക്ടറികളിൽ ആധുനിക രീതിയിലുള്ള ടോയ്ലറ്റുകൾ സ്ഥാപിച്ചു.

7. ഫാക്ടറികളിലെ തൊഴിലാളികൾ ഇരുന്ന് ജോലി ചെയ്യുന്ന ഷെഡ്യൂളുകളിൽ ഫാനുകൾ, ട്യൂബുകൾ എന്നിവ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

8. കശുവണ്ടി പരിപ്പിന്റെ മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കി ആയതിന് ആഭ്യന്തര വിപണികണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

(സി) ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾമൂലം കാഷ്യൂ കോർപ്പറേഷന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ അധീനതയിലുള്ള കാഷ്യൂ കോർപ്പറേഷൻ 1999-ൽ 140 ദിവസവും 2000-ൽ 200 ദിവസവും തൊഴിൽ നൽകി. കാപ്പെക്സ് 1999-ൽ 125 ദിവസവും 2000-ൽ 73 ദിവസവും തൊഴിൽ നൽകി.

(ഇ) കശുവണ്ടിപരിപ്പിന്റെ ഉല്പാദനം കശുമാവ് കൃഷി എന്നിവയിൽ നിശ്ചിത സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ ഉൾക്കൊള്ളാൻ ഒരു ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) കോർപ്പറേഷന്റെ പ്രവർത്തനക്ഷമത പരിശോധിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വിപണനം

128 (255) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിദേശത്ത് വിപണിയുണ്ടാക്കാൻ എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഉൽപ്പനങ്ങളാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ;

(ഡി) ചെറുകിട വ്യവസായ രംഗത്ത് സ്ത്രീകളുടെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ചെറുകിട വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപുലമായ വിപണനശൃംഖല കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ചെറുകിട വ്യവസായ സംരംഭകരുടെ നേരിട്ടുള്ള വിപണന രീതി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly